# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 407 — 04.06.2018 — ൽ മറുപടിക്ക്

## ആദിവാസി പിന്നോക്ക വിഭാഗങ്ങൾക്ക് റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. സി. കെ. ശശീന്ദ്രൻ:** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) | റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത ആദിവാസി പിന്നോക്ക വിഭാഗങ്ങൾക്ക് റേഷൻ കാർഡ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | സ്വീകരിച്ചു വരുന്നു. |
| (ബി) | വയനാട് ജില്ലയിൽ റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; | (ബി) | വയനാട് ജില്ലയിൽ റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത 1040 കുടുംബങ്ങൾ ഉണ്ടായിരുന്നു. അവർക്ക് റേഷൻ കാർഡ് നൽകിയിട്ടുണ്ട്. |
| (സി) | പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | നിലവിൽ ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്തവരും, പഴയ റേഷൻ കാർഡ് ഫോട്ടോ എടുത്ത് പുതുക്കാത്തവർക്കും പുതിയ റേഷൻ കാർഡ് നൽകുവാനുള്ള അപേക്ഷ സ്വീകരിച്ചുവരുന്നു. കൂടാതെ മുൻഗണനാ ശുദ്ധീകരണത്തിന്റെ ഭാഗമായി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന പ്രക്രിയ നടന്നു വരുന്നു. ആയത് തീരുന്ന മുറയ്ക്ക് പുതിയ റേഷൻ കാർഡുകൾ നൽകുന്നതാണ്. |

*സെക്ഷൻ ഓഫീസർ*